# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 28 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## ആഴിയിലെ കരി നീക്കം ചെയ്തു

നാല്പത്തൊന്നു ദിവസത്തെ മണ്ഡലകാല മഹോത്സവത്തിനു ശേഷം സന്നിധാനത്തെ ആഴിയിലെ കരി നീക്കം ചെയ്തു. ഇന്നലെ രാവിലെ അഞ്ചോടെ തുടങ്ങിയ പ്രവർത്തി ഉച്ചയോടെ അവസാനിച്ചു. പൊതുമരാമത്ത് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിശുദ്ധി സേനയുടെ സഹായത്തോടെയാണ് കരി നീക്കം ചെയ്തത്. സന്നിധാനത്തെ അന്നദാന മണ്ഡപത്തിനു സമീപം ശേഖരിക്കുന്ന കരി പിന്നീട് ലേലത്തിൽ വില്ക്കും.

നെയ്യ്തേങ്ങയിൽ നിന്നും നെയ്യ് അഭിഷേകത്തിനായി മാറ്റി ബാക്കി വരുന്ന തേങ്ങയാണ് ഭക്തർ ആഴിയിലെ ഹോമകുണ്ഡത്തിൽ സമർപ്പിക്കുന്നത്. പതിനെട്ടാംപടിക്കു മുന്നിലായി സ്ഥിതി ചെയ്യുന്ന ആഴി കഴിഞ്ഞ വർഷമാണ് നവീകരിച്ചത്. ചൂടുകൂടിയ കരി ഉയർന്ന് അപകടമു ാകുന്നതു തടയാനും ആഴിയുടെ ഭിത്തിക്ക് കേടപാടു ാകുന്നത് ഒഴിവാക്കാനുമാണ് പൊതുമരാമത്ത് വകുപ്പ് പുതിയ സംവിധാനം ഒരുക്കിയത്. കരി പൊങ്ങുമ്പോൾ ചതുരാകൃതിയിലുള്ള ആഴിക്ക് ഉൾവശത്ത് സ്ഥാപിച്ച പൈപ്പിൽ നിന്നും വെള്ളം ചീറ്റി ചൂടു ക്രമീകരിക്കും. ഇതിനായി ആഴിക്ക് പുറത്ത് വാൾവും ക്രമീകരിച്ചിട്ടു ്. വെള്ളം ചീറ്റുമ്പോൾ ചാരം അടിഭാഗത്തു കൂടി വലിയ നടപന്തലിലെ ഓടയിലൂടെ ഒഴുക്കി കളയും. അവശേഷിക്കുന്ന ചി

രട്ടക്കരി ശേഖരിച്ച് ലേലത്തിൽ വിൽക്കുകയാണ് പതിവ്. പ്രധാനമായും സ്വർണ്ണപണിക്കും പെയിന്റ് നിർമാണത്തിനുമാണ് ആഴിയിൽ നിന്നുള്ള ചി രട്ടക്കരി ഉപയോഗിക്കുന്നത്.

(പി.ആർ. ശബരി-374)

## മകരവിളക്ക് ഒരുക്കങ്ങൾ തകൃതി

ശബരിമല സന്നിധാനത്ത് മകരവിളക്ക് ഉത്സവത്തിനായുള്ള ഒരുക്കങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ തകൃതിയായി പുരോഗമിക്കുന്നു. ജലവിഭവ വകുപ്പ് വലിയ നടപ്പന്തലിലെ വിതരണ പൈപ്പിന്റെ ചോർച്ച പരിഹരിച്ചു തുടങ്ങി. വിവിധ ഭാഗങ്ങളിലെ ജലവിതരണ സംവിധാനങ്ങളും പരിശോധിച്ചു. കെ.എസ്.ഇ.ബി യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി വിതരണത്തിലെ ന്യൂനതകൾ പരിഹരിച്ചു. വലിയ നടപ്പന്തലിലെ ഫാനുകൾ അഴിച്ച് തകരാറുകൾ പരിശോധിച്ചു. കേടായ ട്യൂബ് ലൈറ്റുകൾ മാറ്റിസ്ഥാ പിച്ചു. പൊതുമരാമത്ത് സന്നിധാനത്തെ ആഴിയിലെ കരിനീക്കം ചെയ്തു വെള്ളം ചീറ്റി വൃത്തിയാക്കി. മകരവിളക്ക് ഉത്സവത്തിനുള്ള അരവണ, അപ്പം എന്നിവയുടെ നിർമാണവും പായ്ക്കിംഗും തകൃതിയായി നടക്കുന്നു ്. വിശുദ്ധി സേനയുടെ മുന്നൂറിലധികം വരുന്ന അംഗങ്ങൾ സന്നിധാനവും പരിസരവും ശുചിയാക്കുന്ന ജോലികളിലാണ്. സന്നിധാനം വലിയ നടപ്പന്ത ലിൽ എസ്.ബി.ഐയുടെ നേതൃത്വത്തിൽ അറിയിപ്പ് നൽകാൻ ഡിജിറ്റൽ ഡി സ്പ്ലേയും സ്ഥാപിച്ചിട്ടു ്. കൊപ്ര കളത്തിന്റെ പ്രവർത്തനവും പൂർണ്ണ സജ്ജമാണ്. മറ്റ് ഒരുക്കങ്ങളും ഉടൻ പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് വിവിധ വകുപ്പുകൾ. ഡിസംബർ 30 ന് വൈകിട്ട് 5.30ന് മകരവിളക്ക് ഉത്സവത്തിനായി ക്ഷേത്രനട തുറക്കും.

(പി.ആർ. ശബരി-375)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.